Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release 23.03.2021

Ref: 786 /KCBC/K-6/KPR/DS

## ട്രെയിനിൽ യാത്രചെയ്യുകയായിരുന്ന യുവസന്യാസിനിമാർ ഉത്തരപ്രദേശിൽ വച്ച് ആക്രമിക്കപ്പെട്ട സംഭവം പ്രതിഷേധാർഹം: കെസിബിസി

കൊച്ചി: 19.03.2021-ന് ഡൽഹിയിൽനിന്ന് ഒഡീഷയിലേയ്ക്ക് തേർഡ് ക്ലാസ് എസി ടിക്കറ്റിൽ യാത്രചെയ്യുകയായിരുന്ന സേക്രട്ട് ഹാർട്ട് കോൺഗ്രിഗേഷൻ ഡൽഹി പ്രൊവിൻസിലെ രണ്ട് യുവസന്യാസിനികളും, രണ്ട് സന്യാസാർത്ഥിനികളും ഉത്തരപ്രദേശിലെ ഝാൻസിയിൽ വച്ച് ആക്രമിക്കപ്പെടുകയും ട്രെയിനിൽനിന്ന് അകാരണമായി കസ്റ്റഡിയിൽ എടുക്കപ്പെടുകയും ചെയ്ത സംഭവം അങ്ങേയറ്റം പ്രതിഷേധാർഹവും രാജ്യ ശ്രദ്ധ ആവശ്യപ്പെടുന്നതുമാണ്. സേക്രട്ട് ഹാർട്ട് സന്യാസിനീ സമൂഹം കേരളത്തിൽനിന്നുള്ളതായതിനാലും, അതിക്രമത്തിനിരയായ സന്യാസിനിമാരിൽ ഒരാൾ മലയാളി ആയതിനാലും കേരള സമൂഹത്തിന്റെയും കേരളസർക്കാരിന്റേയും പ്രത്യേക ശ്രദ്ധയും ഈ വിഷയത്തിൽ ആവശ്യമാണ്.

ഉത്തർപ്രദേശിൽ ഏതെങ്കിലും വിധത്തിലുള്ള പരിചയങ്ങളോ ബന്ധങ്ങളോ ഉള്ളവരായിരുന്നില്ല സന്യാസിനിമാരിലാരും. എങ്കിലും, ട്രെയിനിൽ യാത്രചെയ്തു എന്ന ഒറ്റ കാരണത്താൽ ആ സംസ്ഥാനത്ത് മാത്രമുള്ള മതംമാറ്റ നിരോധന നിയമമാണ് നാല് സന്യാസിനിമാരിൽ അടിച്ചേൽപ്പിക്കാൻ ശ്രമം നടന്നത്. ട്രെയിനിൽ യാത്രചെയ്തു എന്നതല്ലാതെ, തങ്ങളുടെ സംസ്ഥാനവുമായി യാതൊരു ബന്ധവുമില്ലാത്ത നാല് പേർക്കെതിരെ ആ സംസ്ഥാനത്തിലെ മാത്രം നിയമപ്രകാരം കേസെടുക്കാൻ ശ്രമിക്കുക, കയ്യിലുണ്ടായിരുന്ന രേഖകൾ പരിശോധിച്ചപ്പോൾ ആരോപണം തെറ്റാണെന്ന് വ്യക്തമായി ബോധ്യമായിട്ടും ട്രെയിനിൽനിന്ന് അവരെ കസ്റ്റഡിയിൽ എടുക്കുകയും, വനിതാപൊലീസിന്റെ സാന്നിധ്യമില്ലാതെ ബലപ്രയോഗം നടത്തി ഇറക്കിക്കൊണ്ടു പോവുകയും ചെയ്യുക, അപരിചിതമായ ഒരു സ്ഥലത്തുവച്ച് ( നാല് സ്ത്രീകളെ അവഹേളിക്കാനായി വലിയൊരാൾക്കൂട്ടത്തെ അനുവദിക്കുക തുടങ്ങി, ഇന്ത്യൻ റെയിൽവേ യാത്രക്കാർക്ക് നൽകുന്ന സുരക്ഷിതത്വത്തെയും, ഇന്ത്യൻ ഭരണഘടന നൽകുന്ന പൗരാവകാശത്തെയും ആഴത്തിൽ ചോദ്യം ചെയ്യുന്ന ഒന്നാണ് ഈ സംഭവം. റെയിൽവേയും, കേന്ദ്ര സർക്കാരും, ഉത്തർപ്രദേശ് സർക്കാരും ഈ സംഭവത്തെക്കുറിച്ചുള്ള പ്രത്യേക അന്വേഷണങ്ങൾ നടത്തുകയും കുറ്റക്കാരായവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും വേണം. ദേശീയ വനിതാ കമ്മീഷന്റെയും, മനുഷ്യാവകാശ കമ്മീഷന്റെയും ന്യൂനപക്ഷ കമ്മീഷന്റെയും ഇടപെടലും ഈ വിഷയത്തിൽ ആവശ്യപ്പെടുന്നു.

ഫാ. ജേക്കബ് പാലക്കാപ്പിള്ളി
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ കെസിബിസി , ഔദ്യോഗിക വക്താവ്
പിഒസി ഡയറക്ടർ

**PRESIDENT**
His Beatitude
MAR GEORGE CARDINAL ALENCHERRY
Major Archbishop of Syro Malabar Church
Mount St. Thomas P.B.No. 3110, Kakkanad
Kochi 682 030
Ph: 0484-2424768, 2424780, 2425727
Fax: 0484-2422727
E-mail: bpalencherry@yahoo.co.in

**VICE-PRESIDENT**
His Excellency
RT. REV. DR. VARGHESE CHAKKALAKAL
Bishop of Calicut
Bishop's House, Malaparamba
Kozhikode 673 009.
Ph: 0495 2370313, 2370271
Fax: 0495 2377013
E-mail: calicut_diocese@yahoo.com

**SECRETARY GENERAL**
DR. JOSEPH MAR THOMAS
Bishop of Bathery,
Catholic Bishop's House
Bathery, Dharmapitam
Wayanad 673 592.
Ph: 04936 220207, Fax: 04936 221287
E-mail: bishopbty@gmail.com

**DEPUTY SECRETARY GENERAL**
FR. JACOB G. PALACKAPPILLY
P.O.C., P. B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
Fax: 2806214
Email: jacobgpala@gmail.com